₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 12
Issue 1

July 2023

pages 24

"എന്റെ ദൈവമായ രാജാവേ, ഞാൻ നിന്നെ പുകഴ്ത്തും. ഞാൻ നിന്റെ നാമത്തെ എന്നെന്നേക്കും വാഴ്ത്തും. നാൾതോറും ഞാൻ നിന്നെ വാഴ്ത്തും. ഞാൻ നിന്റെ നാമത്തെ എന്നെന്നേക്കും സ്തുതിക്കും. യഹോവ വലിയവനും അത്യന്തം സ്തുത്യനും ആകുന്നു. അവന്റെ മഹിമ അഗോചരമത്രേ"

**(സങ്കീർത്തനങ്ങൾ 145:1–3)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

| Since 2012 | REAL LIFE VOICE | No. 139 |
| --- | --- | --- |

Volume 12 Issue 1 July 2023 pages 24 Rs.5/

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

**താത്പര്യമുള്ളവർക്ക് വരി സംഖ്യയോ സംഭാവനയോ Google Pay/PhonePe ചെയ്യാം. അല്ലെങ്കിൽ ബാങ്കി ലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാം. ദയവായി മണി ഓർഡർ അയയ്ക്കരുത്**

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V

**Email:**
reallifekottekad@gmail.com

**Website:**
www.reallifevoice.in

## Book No. 139

## ഉള്ളടക്കം

പേജ്


- വിവാഹജീവിതത്തിലെ നാല് ... 3
- പ്രതികരണങ്ങൾ 7
- ദൈവത്തിന്റെ വിശ്വസ്തത (15) 8
- റോമർ 16 ലെ ദൈവമക്കൾ (12) 11
- ഹബക്കൂക് (17) 14
- ഓരോരോ ജന്മങ്ങള് (12) 17
- ബൈനോക്കുലർ (21) 19
- ... ദുരന്തക്കാഴചകൾ (65) 21
- സമാധാനം നഷ്ടപ്പെട്ട മണിപ്പൂർ 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# വിവാഹജീവിതത്തിലെ നാലു വില്ലന്മാർ

ലക്ഷങ്ങൾ ചെലവഴിച്ചാണ് ഇക്കാലത്ത് മിക്ക വിവാഹങ്ങളും നടത്തുന്നത്. എത്ര ചുരുക്കി നടത്തിയാലും ലക്ഷങ്ങൾ ചെലവാകുന്ന അവസ്ഥ! ബുദ്ധിമുട്ട് സഹിച്ചാണെങ്കിലും മാതാപിതാക്കൾ പണം ചെലവായതിൽ പരാതിപ്പെടാറില്ല. അവരുടെ മകൻ/മകൾ സന്തോഷത്തോടെ കുടുംബജീവിതം നയിക്കണം എന്നാണ് അവരുടെ ആഗ്രഹം. മക്കളുടെ വിവാഹം നല്ല രീതിയിൽ നടത്താനായി എന്നു അവർ ആശ്വസിക്കുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നു.

എന്നാൽ, സങ്കടകരമായ ഒരു കാര്യമുണ്ട്. ഇങ്ങനെ നടത്തപ്പെടുന്ന പല വിവാഹങ്ങളും പരാജയമാകുന്നു. അതും വളരെ വേഗത്തിൽ! പരസ്പരം പഴിചാരുന്ന ഭാര്യാഭർത്താക്കന്മാരും അവരുടെ വീട്ടുകാരും പ്രശ്നപരിഹാരത്തിനു കളമൊരുക്കുകയല്ല, പകരം ആക്കം കൂട്ടുകയാണ് ചെയ്യുന്നത്. ബന്ധുക്കൾ കൂടി പക്ഷം പിടിക്കുന്നതോടെ കാര്യങ്ങൾ കൂടുതൽ വഷളാവുകയും ചെയ്യും. രണ്ടുകൂട്ടരുടെയും ഇടയിൽ മദ്ധ്യസ്ഥന്മാരായി നിൽക്കാൻ നിഷ്പക്ഷമായി ചിന്തിക്കുന്ന ആളുകൾ ഇല്ലാതെ വരികയും ചെയ്യുമ്പോൾ പാളം തെറ്റിയ വിവാഹം വിവാഹമോചനത്തിൽ കലാശിക്കുകയും ചെയ്യുന്നു.

ആ ബന്ധത്തിലുണ്ടായ മക്കളുടെ ജീവിതം ദുരിതപൂർണ്ണമാകുന്നു. തകർന്ന കുടുംബത്തിലെ (broken family) കുഞ്ഞുങ്ങൾ കടുത്ത മാനസിക സംഘർഷം അനുഭവിക്കുന്നവരായും കുറ്റകൃത്യവാസന കൂടുതൽ ഉള്ളവരായും കാണപ്പെടുന്നുണ്ടത്രേ. ഓരോ വിവാഹമോചനത്തിലൂടെയും തലമുറകളെയാണ് പിച്ചിച്ചീന്തിയിടുന്നത്. ഈ സാഹചര്യത്തിൽ, കുടുംബജീവിതത്തെ തകർക്കുന്ന നാലു വില്ലന്മാരെക്കുറിച്ച് ചിന്തിക്കാം.

**1. മദ്യം/ലഹരി**

എത്രയെത്ര കുടുംബങ്ങളെയാണ് മദ്യവും ലഹരിയും തകർത്തിരിക്കുന്നത്! വിശ്വാസികൾ പോലും ഇതെല്ലാം ഉപയോഗിക്കുന്നവരാണത്രേ!

വല്ലാത്ത അസ്വസ്ഥകൾ അനുഭവപ്പെടുന്ന കുടുംബങ്ങളിൽ, ഭാര്യയെ മർദ്ദിക്കുകയും മറ്റു നിലകളിൽ മാനസികമായി പീഡിപ്പിക്കുകയും ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ വിലയിരുത്തിയാൽ, ഭർത്താവ് മിക്കവാറും മദ്യമോ ലഹരി വസ്തുക്കളോ ഉപയോഗിക്കുന്നനാണ്– അത് വിശ്വാസിയായാലും അവിശ്വാസിയായാലും! ഇങ്ങനെയല്ലെങ്കിൽ ഭർത്താവിന് വല്ല മാനസികപ്രശ്നങ്ങളും ഉണ്ടായിരിക്കും.

കുടുംബസമാധാനം തകർക്കുന്ന മദ്യവും ലഹരിവസ്തുക്കളും എല്ലാവരും പാടേ വർജ്ജിക്കുക തന്നെ വേണം. നമ്മുടെ ഗവൺമെന്റിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങളിൽ ഒന്നാണ് മദ്യവില്പന എന്നതിനാൽ സർക്കാർതലത്തിൽ മദ്യനിരോധനം പ്രായോഗികമാവില്ല. ഓരോരുത്തരും ഉറച്ച തീരുമാനമെടുത്ത്, ദൈവത്തിലാശ്രയിച്ച് മുന്നേറണം. എന്നാൽ മാത്രമേ ഇത്തരം കാര്യങ്ങളുടെ പിടിയിൽനിന്ന് മോചനം നേടാനാവൂ. സുബോധവും പണവും നഷ്ടപ്പെടുത്തുകയും അക്രമവാസന പ്രകടിപ്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ഈ പൈശാചിക ഉൽപ്പന്നങ്ങളെ പരമ പുച്ഛത്തോടെ വീക്ഷിക്കാൻ നാം തയ്യാറാവണം.

ഇത്തരം കാര്യങ്ങളോട് താത്പര്യം കാണിക്കുന്നവരോട്, അവരെത്ര സ്നേഹിതന്മാരായാലും ബന്ധുക്കളായാലും, കടുത്ത അനിഷ്ടം നാം പ്രകടിപ്പിക്കണം. അവരോടുള്ള സഖിത്വത്തിനും ബന്ധുതയ്ക്കും നാം അതിർവരമ്പ് നിശ്ചയിക്കണം. അവരോട് അകലുക തന്നെ വേണം.

### 2. സാമ്പത്തിക അച്ചടക്കമില്ലായ്മ

ദൈവം ഏല്പിച്ച പണം തെറ്റായി വിനിയോഗിച്ച് കടക്കെണിയിൽ അകപ്പെട്ടുപോകുന്നവരുണ്ട്. ആത്മഹത്യ മാത്രമാണ് അവരുടെ മുന്നിലുള്ള ഏകപോംവഴി എന്നു അവർ തെറ്റിദ്ധരിക്കുകയും കുടുംബമൊന്നിച്ച് ജീവനൊടുക്കുകയും ചെയ്യുന്നു. നമ്മുടെ കയ്യിലുള്ള പണത്തിനനുസരിച്ച് ചെലവ് ചെയ്യാൻ നാം പഠിക്കണം. പൊങ്ങച്ചപ്രദർശനത്തിനുവേണ്ടി കടം വാങ്ങി ചെലവ് ചെയ്യരുത്. കയ്യിൽ കാശില്ലെങ്കിൽ അതിനനുസരിച്ച് കാര്യങ്ങൾ ചെയ്യുക. മറ്റുള്ളവരുടെ പോക്കറ്റിലെ കാശ് കണ്ട് സ്വപ്നം നെയ്തു കൂട്ടരുത്. വിവേകത്തോടെ പണം കൈകാര്യം ചെയ്തില്ലെങ്കിൽ നമ്മുടെ കുടുംബജീവിതം താറുമാറാകും.

ഏകദേശം 25 വർഷങ്ങൾക്കു മുമ്പായിരുന്നു എന്റെ വിവാഹം. തീർത്തും ലളിതമായിരുന്നു അത്. വീഡിയോ ഇല്ല; സ്റ്റേജ് ഡെക്കറേഷൻ ഇല്ല; കുറച്ചുപേരെ മാത്രമേ വിളിച്ചിരുന്നുള്ളൂ; ചിക്കൻബിരിയാണി മാത്രം, ഐസ്ക്രീം ഇല്ല; കാറിന്മേൽ പൂവ് ഇല്ല. കയ്യിൽ കാശുമില്ല! എല്ലാം ചുരുങ്ങിയ രീതിയിൽ നടത്തി. കടം വാങ്ങി 'കളർ' ആക്കാൻ ഞാൻ ശ്രമിച്ചില്ല.

കടം വാങ്ങിയാൽ അത് വീട്ടാനുള്ള വരുമാനം എനിക്കില്ലായിരുന്നു. മാത്രമല്ല എനിക്ക് കടം തരാനും ആരുമുണ്ടായിരുന്നില്ല.

എന്നാൽ 25 വർഷത്തിനുശേഷം, ഇക്കഴിഞ്ഞ ജൂൺ 24 ന് എന്റെ മൂത്ത മകളുടെ വിവാഹം നടത്തിയത് കുറച്ചുകൂടി നല്ല രീതിയിലാണ്. എന്റെ വിവാഹത്തിന് ഇല്ല എന്നു പറഞ്ഞതെല്ലാം എന്റെ മകളുടെ വിവാഹത്തിന് ഉണ്ടായിരുന്നു. കാരണം ദൈവം എന്റെ നില കൂടുതൽ മെച്ചപ്പെടുത്തിയിരുന്നു. കൂട്ടായ്മയുടെ വലംകരം നീട്ടിയവരുമുണ്ടായിരുന്നു. നമ്മുടെ നിലവിലുള്ള സാഹചര്യത്തിന് അനുസരിച്ച് നാം പണം ചെലവാക്കിയാൽ പിന്നീട് ദുഃഖിക്കേണ്ടിവരില്ല. പണമൊരിക്കലും ധൂർത്തടിച്ച് പാഴാക്കരുത്. ഇപ്രകാരം പാഴാക്കുന്ന പണത്തെക്കുറിച്ചോർത്ത് പിന്നീട് സങ്കടപ്പെടേണ്ടിവരും.

നാം അത് ചെയ്യണം, ഇത് ചെയ്യണം എന്നൊക്കെ പറഞ്ഞ് നമുക്ക് ഉപദേശങ്ങളും നിർദ്ദേശങ്ങളും തരുന്നവരുണ്ടാകും. നമ്മുടെ സാമ്പത്തിക സ്ഥിതി നോക്കാതെയാണ് പലപ്പോഴും പലരും നിർദ്ദേശങ്ങൾ തരുന്നത്. ആ നിർദ്ദേശങ്ങളെല്ലാം കേട്ട് പണം കടം വാങ്ങി ചെലവാക്കുമ്പോൾ ഓർക്കുക: നിർദ്ദേശങ്ങൾ തന്നവരാരും നിങ്ങളെ പത്തുപൈസ സഹായിക്കില്ല. കടമെല്ലാം നിങ്ങൾ തന്നെ അടച്ചുവീട്ടേണ്ടിവരും.

### 3. മൊബൈൽ (പുതിയ വില്ലൻ)

കുടുംബജീവിതം ശിഥിലമാക്കുന്ന പുതിയൊരു വില്ലനാണ് മൊബൈൽ. ഏതാനും വർഷങ്ങൾക്കു മുമ്പ് വരെ ഇങ്ങനെയൊരു വില്ലൻ ഇല്ലായിരുന്നു. പക്ഷേ ഇന്ന് സ്ഥിതി അതല്ല. രണ്ടു മക്കളുള്ള അമ്മ ഒരു യുവാവിന്റെ കൂടെ ഒളിച്ചോടി, തന്റെ മൊബൈൽ എടുത്തതിന് ഭാര്യ ഭർത്താവിനെ തലക്കടിച്ചുകൊന്നു, തുടങ്ങിയ വാർത്തകൾ നാം ഇതിനോടകം എത്രയോ തവണ കേട്ടുകഴിഞ്ഞു!

എന്റെ മൊബൈലിന് പാസ്‌വേഡ് ഉണ്ട്. പക്ഷേ അതെന്റെ ഭാര്യയ്ക്ക് അറിയാം. മക്കൾക്കും അറിയാം. അതുപോലെത്തന്നെ എന്റെ ഭാര്യയുടെ മൊബൈലിന്റെ പാസ്‌വേഡ് എനിക്കും അറിയാം. ഞങ്ങളുടെ കുടുംബജീവിതത്തിൽ മൊബൈൽ ഒരു വില്ലനായിത്തീരരുത് എന്ന് ഞങ്ങൾക്ക് നിർബന്ധമുണ്ട്. ഭർത്താവ് ഭാര്യയുടെ മൊബൈൽ എടുക്കുമ്പോഴേക്കും ഭാര്യ അസ്വസ്ഥയായി ഓടിവരുന്ന സാഹചര്യമുണ്ടെങ്കിൽ ആ കുടുംബജീവിതം അത്ര ഭദ്രമായ നിലയിലല്ല നീങ്ങുന്നത് എന്നു വ്യക്തമാണ്.

### 4. അമ്മാവിയമ്മ-മരുമകൾ പോര് (പഴയ വില്ലൻ)

ആദാം-ഹവ്വ ദമ്പതിമാരുടെ ജീവിതത്തിൽ മാത്രം ഇല്ലാതിരിക്കുകയും ബാക്കി എല്ലാവരുടെയും ജീവിതത്തിൽ ഉണ്ടായിരിക്കാൻ സാധ്യതയുള്ള

തുമായ ഒരു വില്ലനാണിത്. മകന്റെ മേൽ തനിക്കാണ് കൂടുതൽ സ്വാധീനമുള്ളത് എന്നു സ്ഥാപിക്കാൻ അമ്മയും, ഭർത്താവിന്റെ മേൽ തനിക്കാണ് കൂടുതൽ സ്വാധീനമുള്ളത് എന്നു സ്ഥാപിക്കാൻ ഭാര്യയും ശ്രമം നടത്തുമ്പോഴാണ് ഈ അമ്മാവിയമ്മ-മരുമകൾ പോര് രൂപം കൊള്ളുന്നത്.

സ്ത്രീജനം ബലഹീനപാത്രം എന്നു ബൈബിൾ പറയുന്നു. ഇവിടെ അമ്മാവിയമ്മ-മരുമകൾ എന്നീ രണ്ടു ബലഹീനപാത്രങ്ങൾ ചേർന്ന് ഏറ്റുമുട്ടുമ്പോൾ, അമ്മയ്ക്ക് മകനും ഭാര്യയ്ക്ക് ഭർത്താവും ആയ പുരുഷൻ വിവേകത്തോടെ ഈ സാഹചര്യത്തെ അഭിമുഖീകരിക്കേണ്ടതുണ്ട്. അമ്മയോട് അവൻ പറയണം: "ഇതെന്റെ ഭാര്യയാണ്; വലിഞ്ഞുകേറി വന്നവളോ വേലക്കാരിയോ അല്ല." ചില കുടുംബങ്ങളിലെങ്കിലും ഭാര്യയ്ക്ക് വേലക്കാരിയുടെ സ്ഥാനം മാത്രമാണ് ഉള്ളത്. പകൽ വേലക്കാരിയും രാത്രി ലൈംഗികഉപകരണവും എന്ന നിലയിൽ മാത്രം അവൾ പരിഗണിക്കപ്പെടുന്നു. ഭാര്യ എന്ന ഉന്നതമായ സ്ഥാനത്തേക്ക് എത്താൻ അവളുടെ ഭർത്താവോ അമ്മാവിയമ്മയോ അവളെ ഒരിക്കലും സമ്മതിക്കാറില്ല. ആത്മാഭിമാനമുള്ള സ്ത്രീകൾക്ക് സഹിക്കാവുന്നതിലും അപ്പുറമാണ് ഈ അവസ്ഥ.

അതുപോലെ അവൻ അവന്റെ ഭാര്യയോട് പറയണം: "ഇതെന്റെ അമ്മയാണ്. എന്നെ പ്രസവിച്ച, എന്നെ പാലൂട്ടിവളർത്തിയ എന്റെ അമ്മ." ഭാര്യയുടെ പക്ഷം ചേർന്ന് നിന്നുകൊണ്ട് അമ്മയെ ഒഴിവാക്കരുത്. അങ്ങനെ ചെയ്താൽ അവനെ 'പെങ്കോന്തൻ' എന്നാണ് വിളിക്കുക. അമ്മയുടെ പക്ഷം ചേർന്നുനിന്ന് ഭാര്യയെ ഒറ്റപ്പെടുത്തുകയുമരുത്. ഇത്തരക്കാരെ വിളിക്കാവുന്ന ഏറ്റവും മാന്യമായ പദം 'നാണംകെട്ടവൻ' എന്നാണ്.

അമ്മയ്ക്കുള്ള സ്ഥാനം അമ്മയ്ക്കും ഭാര്യയ്ക്കുള്ള സ്ഥാനം ഭാര്യയ്ക്കും കൊടുക്കണം. രണ്ടും ഉന്നതമായ സ്ഥാനങ്ങളാണ്. അമ്മയുടെ സ്ഥാനത്തേക്ക് ഒരിക്കലും ഭാര്യയ്ക്ക് എത്താൻ കഴിയില്ല. അതുപോലെത്തന്നെ ഭാര്യയുടെ സ്ഥാനത്തേക്ക് എത്താൻ അമ്മയ്ക്കും ആകില്ല. ചുരുക്കിപ്പറഞ്ഞാൽ അമ്മയാകാൻ ഭാര്യയ്ക്കും, ഭാര്യയാകാൻ അമ്മയ്ക്കും കഴിയില്ല. ഒരു പുരുഷന് ഇതും രണ്ടും ഒഴിവാക്കാൻ കഴിയില്ല. അമ്മയുടെ സ്ഥാനത്ത് അമ്മ നിൽക്കട്ടെ; ഭാര്യയുടെ സ്ഥാനത്ത് ഭാര്യയും. ഭാര്യയുടെ സ്ഥാനത്തേക്ക് എത്താൻ ഏതെങ്കിലും സ്ത്രീ ശ്രമിച്ചാൽ അവളെ വേശ്യ എന്നാണ് സമൂഹം വിളിക്കുക.

**ഉപസംഹാരം**

കുടുംബജീവിതത്തിന്റെ മൂല്യം ആദ്യം എല്ലാവരും മനസ്സിലാക്കണം. കർത്താവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ സാദൃശ്യമാണ് കുടുംബജീവിതം എന്നുപോലും പലരും മറന്നുപോകുന്നു. **(എംവിഎസ്)**

# പ്രതികരണങ്ങൾ

### David K J, Vadookara, Thrissur

*റിയൽ ലൈഫ് വോയ്സ്* എനിക്ക് കിട്ടുന്നുണ്ട്. നന്ദി രേഖപ്പെടുത്തുന്നു. ദൈവവചനവേലയിലായിരിക്കുന്ന നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും ദൈവം അനുഗ്രഹിക്കട്ടെ.

### Jaimohan Athirunkal, Pathanamthitta

ജൂൺമാസത്തിലെ മാസികയിൽ "വ്യക്തിപരമായി സുവിശേഷം അറിയിക്കുന്നതിനും" എന്ന് കണ്ടു. വ്യക്തിപരമായി എന്നല്ല, **വ്യക്തിഗതമായി** എന്നാണ് വേണ്ടത്. അതുപോലെത്തന്നെ "ഓരോ സംശയങ്ങൾ" എന്നല്ല 'ഓരോരോ സംശയങ്ങൾ' എന്നാണ് ശരി. **(എഡിറ്റർ: പ്രത്യേകം നന്ദി)**

### K M Kurien, Nilambur, Malappuram

സാധാരണ ലഭിക്കുന്നതിനേക്കാൾ നേരത്തെ ജൂൺമാസത്തിൽ മാസിക ലഭിച്ചു. എനിക്ക് വളരെ സന്തോഷം നൽകുന്നതാണ് ഈ മാസിക. അതിലെ എല്ലാ വിഭവങ്ങളും എനിക്കിഷ്ടമാണ്. **(എഡിറ്റർ: മാസിക പോസ്റ്റ് ചെയ്യുന്നത് എല്ലാ മാസവും 17-നാണ്. എന്നാൽ ജൂൺമാസം 17 ന് എന്റെ മൂത്ത മകളുടെ വിവാഹനിശ്ചയമായിരുന്നു. അതുകൊണ്ട് പോസ്റ്റൽ അധികൃതരുടെ അനുവാദം വാങ്ങി മാസിക നേരത്തെ പോസ്റ്റു ചെയ്യുകയായിരുന്നു.)**

### Johnson Kulangara, Angamaly, Ernakulam

ജൂൺമാസത്തെ റിയൽ ലൈഫ് വോയ്സ് ലഭിച്ചു. എന്നത്തേയും പോലെ ഒറ്റയിരുപ്പിൽ വായിച്ചു. എഡിറ്റോറിയൽ (കാട്ടുപോത്തേ...) അസ്സലായിരുന്നു. കൂടാതെ റോമർ 16, ചോദ്യവും ഉത്തരവും, ഇമ്മാനുവിന്റെ സംശയങ്ങൾ എല്ലാം നല്ല ഉൾക്കാമ്പുള്ള രചനകളാണ്.

### M Ravindran, Kattilapoovam, Thrissur

ജൂൺമാസത്തെ മാസികയിലെ *ചോദ്യവും ഉത്തരവും* നന്നായിരുന്നു. അവിശ്വാസികളുടെ മതപരമായ ചടങ്ങുകളിൽ പങ്കെടുക്കാതിരിക്കുകയും അതേസമയം അവരുടെ കൂടെ ഭക്ഷണം കഴിക്കുകയും ചെയ്യുന്നതിനെ അനുകൂലിക്കുന്നു. *ചിന്തകൾ പന്തങ്ങളാകുമ്പോൾ* എന്ന പംക്തിയിൽ എഴുതിയ പോലുള്ള അനുഭവം എനിക്കും ഉണ്ടായിട്ടുണ്ട്. നാം നമുക്ക് ചെയ്യാൻ കഴിയുന്ന നന്മകൾ മറ്റുള്ളവർക്കു ചെയ്യുക. അവർ നന്ദിയില്ലായ്മ കാണിച്ചുവെന്നു വരാം. അതിൽ വിഷമിക്കാതെ നാം മുന്നേറണം.

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം

15

**Prof. T. John Mathew**
പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

**ബൈബിൾ ഭവന്റെ നിർമ്മാണം**

സാഗറിൽ സഭയ്ക്കുവേണ്ടി ഒരു കെട്ടിടം വേണമെന്ന ആഗ്രഹം അവിടെ ആരാധനായോഗങ്ങളിൽ പങ്കെടുത്തിരുന്ന വിശ്വാസികളുടെ മനസ്സിലുണ്ടായി. ഒരു കെട്ടിടം പണിയണമെന്നും അതിന് *ബൈബിൾ ഭവൻ* എന്നു പേരിടണമെന്നുമുള്ള ചിന്ത കുര്യനുണ്ടായത് അങ്ങനെയാണ്.

ഏതാനും വർഷത്തെ കഠിന പരിശ്രമത്തിന്റെ ഫലമായി, സ്റ്റീവാഡിന്റെ (Stewards' Association in India) പേരിൽ വാങ്ങിയ സ്ഥലത്ത് ഒരു കെട്ടിടം പണിത് പൂർത്തിയാക്കി. ഈ സ്വപ്നസാക്ഷാത്കാരത്തിനായി അനേകം വിശ്വാസികൾ കുര്യനെ സഹായിച്ചു. എങ്കിലും ആ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിന് അദ്ദേഹത്തിന്റെ സ്വന്തം മക്കൾ നൽകിയ പണവും ആവശ്യമായിരുന്നു. കുര്യന്റെ മക്കളെല്ലാം വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം നല്ല ജോലി നേടിയിരുന്നു. അവർ അദ്ദേഹത്തിന് സന്തോഷത്തോടെ പണം നൽകി.

**ഡോ. റ്റി. എ. കുര്യൻ**
**(1920–2007)**

**50–തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു.**

**ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രുവും ഗ്രീക്കും പലരേയും പഠിപ്പിച്ചു.**

**ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**മഹാകവി കെ. വി. സൈമന്റെ ജീവചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു.**

അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഈ ഗ്രന്ഥത്തിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു.
**(എഡിറ്റർ)**

അങ്ങനെ 1976 ൽ ആ കെട്ടിടത്തിൽ ആരാധനായോഗങ്ങൾ ആരംഭിച്ചു. ഈ കെട്ടിടത്തിന്റെ ഒരു ഭാഗം ലൈബ്രറിയും വായനാമുറിയുമായി മാറ്റിയിരുന്നു. അനേകം ആളുകൾ ഈ ലൈബ്രറി പ്രയോജനപ്പെടുത്തി. അവരെല്ലാവരോടും ആശയവിനിമയം നടത്തുന്നതിന് കുര്യൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പക്ഷേ ദൈവജനം ചെയ്ത ഈ മഹത്തായ വേലയെ അട്ടിമറിക്കുവാൻ കുറച്ചുവർഷങ്ങൾക്കുശേഷം സാത്താൻ പരിശ്രമിച്ചു.

**സാത്താന്റെ ആക്രമണം**

ബൈബിൾ ഭവൻ എന്ന സംരംഭത്തിന്റെ ശോഭ കെടുത്തിക്കളയാൻ പിശാച് തന്ത്രങ്ങളൊരുക്കി. ബൈബിൾ ഭവനിലെ ലൈബ്രറി അവിടെ സന്ദർശിക്കുന്നവർക്കെല്ലാം സുവിശേഷം അറിയുന്നതിനും ഉപദേശസത്യങ്ങൾ പഠിക്കുന്നതിനും പറ്റിയ നല്ലൊരു മാർഗ്ഗമായിരുന്നു. ആ പട്ടണത്തിലുള്ളവർക്കെല്ലാം സുവിശേഷത്തെക്കുറിച്ചുള്ള ഒരു അവബോധം ഉളവാക്കാൻ ഞായറാഴ്ചയോഗങ്ങൾക്കും മറ്റു യോഗങ്ങൾക്കും കഴിഞ്ഞിരുന്നു.

കുര്യന്റെ പ്രവർത്തനങ്ങളെ പുതിയൊരു തലത്തിലേക്ക് എത്തിക്കുന്നതിന് ബൈബിൾ ഭവന്റെ നിർമ്മാണം സഹായകമായി എന്നത് നിഷേധിക്കാനാവാത്ത വസ്തുതയാണ്. പക്ഷേ ബൈബിൾ ഭവനിൽനിന്ന് ഉയർന്ന വിശ്വാസികളുടെ ആഹ്ലാദവും ആവേശവും അധികംനാൾ നിലനിന്നില്ല. 1986 ൽ അദ്ദേഹത്തിന്റെ ഭാര്യയുടെ മരണശേഷം ബൈബിൾ ഭവൻ നഷ്ടപ്പെട്ടുപോകുന്ന വിധത്തിൽ ദൗർഭാഗ്യകരമായ ചില കാര്യങ്ങളുണ്ടായി. കുര്യന്റെ മക്കളെല്ലാം ജോലി ലഭിച്ച് സാഗറിൽനിന്ന് ദൂരെ കഴിഞ്ഞിരുന്നത് അദ്ദേഹത്തെ കുറച്ചൊക്കെ തളർത്തി എന്നു പറയാം. എങ്കിലും ദൈവത്തിലാശ്രയിച്ച് അദ്ദേഹം സുവിശേഷപ്രവർത്തനവും സാഹിത്യപ്രവർത്തനവും തുടർന്നു.

**'യീശു ചരിത മാനസ്'**

യേശുവിന്റെ ജനനം, ജീവിതം, മരണം, ഉയിർത്തെഴുന്നേൽപ്പ് എന്നിവ വിവരിക്കുന്ന ഒരു മഹാകാവ്യം രചിക്കണമെന്ന ആഗ്രഹം അദ്ദേഹത്തിന് ദീർഘകാലമായി ഉണ്ടായിരുന്നു. ഇതിനുള്ള പരിശ്രമം അദ്ദേഹം ആരംഭിക്കുന്നത് 1986 ൽ അദ്ദേഹത്തിന്റെ ഭാര്യയുടെ നിര്യാണത്തിനു ശേഷമാണ്. വർഷങ്ങൾ നീണ്ട പ്രയത്നത്തിനൊടുവിൽ 2000–ത്തിൽ *യീശു ചരിത മാനസ്* എന്ന 1036 പേജുള്ള മഹാകാവ്യം പ്രസിദ്ധീകരിച്ചു.

ലോകരക്ഷിതാവായ യേശുക്രിസ്തുവിനെക്കുറിച്ച് ഇത്രയും ബൃഹത്തായ കാവ്യം ഹിന്ദിഭാഷയിൽ രചിക്കുവാൻ മറ്റാരും ശ്രമിച്ചിട്ടില്ലാത്തതുകൊണ്ട് ഇത് ഹിന്ദിയിലെ ഒരു അതുല്യരചനയായി നിലകൊള്ളുന്നു. എന്നാൽ ഹിന്ദിയിൽ നല്ല പരിജ്ഞാനവും സംസ്കൃതത്തിൽ അറിവും ഉള്ള

വർക്കു മാത്രമേ ഈ സുദീർഘമായ ആഖ്യാനകാവ്യത്തിന്റെ യഥാർത്ഥ മൂല്യം മനസ്സിലാക്കാൻ കഴിയുകയുള്ളൂ എന്നതൊരു വസ്തുതയാണ്. ഈ മഹത്തായ കൃതിയെ വിമർശനാത്മകമായി വിലയിരുത്തിയ പ്രഗത്ഭരായ പണ്ഡിതന്മാരുടെ നിരൂപണങ്ങളിൽ വായിച്ചാൽ നമുക്ക് ഇക്കാര്യം വ്യക്തമാകും. ഈ മഹാകാവ്യം വായിച്ച് കവിയെ അഭിനന്ദിക്കുന്നവർ ചുരുക്കം പേർ മാത്രമായിരിക്കാം; പക്ഷേ മാതൃഭാഷയേക്കാൾ അധികം ഹിന്ദിഭാഷയെ സ്നേഹിച്ച ഒരു വ്യക്തിയുടെ ഹിന്ദി സാഹിത്യത്തിനുള്ള മഹത്തായ ഒരു സംഭാവനയാണ് ഈ കൃതി.

**മറ്റു സാഹിത്യസംഭാവനകൾ**

ഭാഷയോടും സാഹിത്യത്തോടുമുള്ള സ്നേഹം കുര്യന്റെ സ്വഭാവത്തിലെ ഒരു സവിശേഷതയായിരുന്നു. ദൈവവചനത്തെ (ബൈബിൾ) മാത്രമല്ല, മനുഷ്യന്റെ വചനത്തെയും (ഭാഷകൾ) സ്നേഹിച്ച വ്യക്തിയായിരുന്നു അദ്ദേഹം. ദൈവത്തോടും അവിടുത്തെ മഹത്തായ ദാനമായ ഭാഷയോടുമുള്ള സ്നേഹം കുര്യൻ പ്രകടിപ്പിച്ചത് നിരവധി ആത്മീയഗീതങ്ങളും തിരുവെഴുത്ത് സംബന്ധമായ പുസ്തകങ്ങളും രചിച്ചാണ്. ഹിന്ദിയിലും ഇംഗ്ലീഷിലും മലയാളത്തിലും അദ്ദേഹം രചനകൾ നടത്തി. സുവിശേഷം അറിയിക്കുന്ന നിരവധി ലഘുലേഖകളും അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ ചില രചനകളുടെ പേരുകൾ താഴെ കൊടുക്കുന്നു:

1. സംഗീത് മകരന്ദ് (ഹിന്ദി) – 100 ക്രിസ്തീയ ഗാനങ്ങൾ
2. ആദ്ധ്യാത്മ വാടിക (ഹിന്ദി) – മാസിക. 13 വർഷം പ്രസിദ്ധീകരിച്ചു.
3. Holy Spirit - Detailed Study (English)
4. In Memoriam (English) – അദ്ദേഹത്തിന്റെ ഭാര്യ മരിച്ചതിനു ശേഷം എഴുതിയ വിലാപകാവ്യം
5. Sowing in the Wind (English) – അദ്ദേഹം സൈക്കിളിൽ നടത്തിയ 1000 മൈൽ സുവിശേഷയാത്രയുടെ വിവരണം
6. അനുഗ്രഹത്തിന്റെ താക്കോൽ (മലയാളം)
7. ഞാനെങ്ങനെ മറക്കും? – അമ്മയെക്കുറിച്ചുള്ള സ്മരണകൾ

ദൈവവചനം അറിയിക്കേണ്ടത് വാക്കുകളിലൂടെ മാത്രമല്ലെന്നും അച്ചടിച്ച അക്ഷരങ്ങളിലൂടെയും ആകാമെന്നുമുള്ള അദ്ദേഹത്തിന്റെ ബോധ്യത്തിന്റെ തെളിവാണ് അദ്ദേഹം നടത്തിയ സാഹിത്യപ്രവർത്തനങ്ങൾ.

**(തുടരും)**

# റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ

12

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**20. അസുംക്രിതൊസ്**

**21. പ്ലെഗോൻ**

**22. ഹെർമ്മോസ്**

**23. പത്രൊബാസ്**

**24. ഹെർമ്മാസ്, കൂടെയുള്ള സഹോദരന്മാർ**

*"അസുംക്രിതൊസിന്നും പ്ലെഗോന്നും ഹെർമ്മോസിന്നും പത്രൊബാസിന്നും ഹെർമ്മാസിന്നും കൂടെയുള്ള സഹോദരന്മാർക്കും വന്ദനം ചൊല്ലുവിൻ" (റോമർ 16:14).*

റോമിലെ സഭയ്ക്ക് പൗലൊസ് വന്ദനം ചൊല്ലുന്നവരുടെ ലിസ്റ്റിൽ അപ്പൊസ്തലനായ പത്രൊസിന്റെ പേരില്ല! അസുംക്രിതൊസിനും അതുപോലെ മറ്റു പലർക്കും വന്ദനം അറിയിക്കുന്ന പൗലൊസ്, എന്തുകൊണ്ടാണ് പത്രൊസിനു വന്ദനം പറയാഞ്ഞത്? പത്രൊസ് റോമിൽ ഉണ്ടായിരുന്നില്ല എന്നു ഇതിൽനിന്നു വ്യക്തമാകുന്നു. പത്രൊസ് റോമിൽ ഒന്നാമത്തെ മാർപ്പാപ്പയായി വാണു എന്നുള്ള ചിലരുടെ വാദം തെറ്റാണെന്നു ഇതിനാൽ തെളിയുന്നുവല്ലോ.

അസുംക്രിതൊസ്, പ്ലെഗോൻ, ഹെർമ്മോസ്, പത്രൊബാസ്, ഹെർമ്മാസ്, കൂടെയുള്ളവർ.... സഭ എന്ന സൗധത്തിന്റെ പണി തുടർന്നുകൊണ്ടിരിക്കുന്നു. നമുക്കുമുന്നേ ഈ കെട്ടിടത്തിൽ വയ്ക്കപ്പെട്ട കല്ലുകളെക്കുറിച്ചാണ് നാം ഇപ്പോൾ ചിന്തിച്ചുകൊണ്ടിരിക്കുന്നത്. ഈ കെട്ടിടത്തിൽ 1988 ൽ പുതുതായി വച്ച കല്ലുകളുടെ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു. ദൈവത്തിനു സ്തോത്രം! സഭ എന്ന കെട്ടിടത്തിന്റെ പണി ഇന്നും തുടരുന്നു. 'ആത്മാവിൽ ദരിദ്രരായ' കുറെ കല്ലുകൾ കൂടി വേണം. അന്വേഷണ ചുമതല നമുക്കാണ്. 700 കോടിയിൽ പരം കല്ലുകൾ ഇന്നു ഈ ഭൂമിയിലുണ്ട്.

"കർത്താവേ ഞാൻ പാപിയായ മനുഷ്യൻ, എന്നെ വിട്ടുപോകേണമേ" എന്നു പറഞ്ഞ കല്ല് (പത്രൊസ്) തിരഞ്ഞെടുക്കപ്പെട്ടു. ആഴ്ചയിൽ രണ്ടു

ദിവസം ഉപവസിക്കുകയും, പതാരം കൊടുക്കുകയും ചെയ്യുന്നവനും, പിടിച്ചുപറി, വ്യഭിചാരം എന്നിവ ചെയ്യാതെ ഡീസന്റ് ആയി നടക്കുന്നവനും ആയ ഒരു കല്ല് തഴയപ്പെടുകയാണുണ്ടായത് (ലൂക്കൊസ് 18:8–14). ലോകം മഹാന്മാർ എന്നു വാഴ്ത്തിപ്പോരുന്ന പല കല്ലുകളും ഈ കെട്ടിടത്തിൽ ഇല്ല! ലോകം ചവറ് എന്നു എണ്ണിയ പല കല്ലുകളും ഉണ്ടുതാനും.

**അസുംക്രിതൊസ്**

'സമാനതകളില്ലാത്ത' (incomparable) എന്നാണ് ഈ പേരിന്റെ അർത്ഥം. തങ്ങളുടെ മകൻ അതുല്യനാകണമെന്നും ഈ ലോകത്തിൽ ഉയരണമെന്നും ആഗ്രഹിച്ചുകൊണ്ട് മാതാപിതാക്കൾ ഇട്ടുകൊടുത്ത പേരാണിത്. പക്ഷേ അവൻ വളർന്നപ്പോഴോ? ഈ ലോകം തള്ളിക്കളഞ്ഞ കല്ലിനെ മൂലക്കല്ലാക്കിക്കൊണ്ട് ദൈവം പണിയുന്ന സഭയുടെ ഭാഗമായി അവൻ തീർന്നു! അവന്റെ മാതാപിതാക്കൾ അവിശ്വാസികളായി തുടർന്നുവോ? എങ്കിൽ മകന്റെ ഈ പോക്ക് കണ്ട് അവർ വിഷമിച്ചിട്ടുണ്ടാകും. സുവിശേഷം പ്രസംഗിക്കാനും തല്ലുകൊള്ളാനും നടക്കുന്ന ഒരു സമൂഹത്തിലെ അംഗമാകാൻ അവനെക്കുറിച്ച് അവർ ആഗ്രഹിച്ചുകാണില്ല.

**പ്ലെഗോൻ**

'കത്തിജ്ജ്വലിക്കുന്ന' (blazing) എന്നാണ് ഈ പേരിന്റെ അർത്ഥം. ഈ പേരിട്ടുകൊടുത്ത അവന്റെ മാതാപിതാക്കൾ, അവൻ എവിടെയൊക്കെ കത്തിജ്ജ്വലിക്കണം എന്നു ആഗ്രഹിച്ചിരിക്കാം? അവിടെയൊന്നുമല്ല അവൻ ജ്വലിച്ചുശോഭിച്ചത്; പിന്നെയോ ദൈവസഭയിൽ! വേറെ എവിടെയൊക്കെ നാം കത്തിജ്ജ്വലിച്ചാലും, ദൈവസഭയിൽ നാം കത്തിജ്ജ്വലിക്കാത്തിടത്തോളം കാലം മറ്റെല്ലാം വ്യർത്ഥമാണ്. ബ്ലെയ്സ് (blaze) എന്നു പേരുള്ള ഒരു കുട്ടിയെ ഞാൻ പഠിപ്പിച്ചിട്ടുണ്ട്. അവൻ എല്ലാ കുട്ടികളുമായും അടിയുണ്ടാക്കുന്ന പ്രകൃതക്കാരനായിരുന്നു. അസഭ്യം പറയുമായിരുന്നു. അവൻ ജ്വലിച്ചുശോഭിച്ചത് അങ്ങനെയുള്ള മേഖലകളിലായിരുന്നു. പക്ഷേ റോമാസഭയിലെ ബ്ലെയ്സ് (പ്ലെഗോൻ) സഭയിൽ ശോഭിച്ചു. അതുകൊണ്ടാണ് പൗലൊസ് അവനു വന്ദനം ചൊല്ലുന്നത്.

**ഹെർമ്മോസ്, ഹെർമ്മാസ്**

ഗ്രീക്ക് ദേവന്മാരുടെ പേരുകളാണ് ഇവ (Hermas and Hermes). ഗ്രീക്ക്ദേവന്മാരും ഗ്രീക്കിലെ വിശ്വാസങ്ങളും മണ്ടത്തരങ്ങളാണെന്നു തിരിച്ചറിഞ്ഞവരാണ് ഈ വിശ്വാസികൾ എന്നു നിസ്സംശയം പറയാം. ഗ്രീക്ക് ഭാഷയും ഗ്രീക്കു സംസ്കാരവും ലോകത്തിൽ ഒന്നാം സ്ഥാനത്തു നിന്നിരുന്ന ഒരു കാലഘട്ടത്തിലാണ് ഇവർ പുതിയ ആശയമായ ക്രിസ്തീയതയിലേക്ക് ആകർഷിക്കപ്പെടുന്നത്. യേശുക്രിസ്തുവിനെ അവർ മനസ്സിലാക്കി

യപ്പോൾ, ഗ്രീക്ക് ദേവന്മാരെല്ലാം വെറും മിഥ്യകൾ മാത്രമാണെന്നു അവർ തിരിച്ചറിഞ്ഞു. അതിനെയെല്ലാം ഉപേക്ഷിക്കാൻ അവർ തയ്യാറായി. ഒരു വലിയ സംസ്കാരത്തെയും, സമൂഹത്തെയും, പൈതൃകത്തെയും വലിച്ചെറിയാനും, സത്യത്തെ സ്വീകരിക്കാനും മനസ്സുവച്ച ധീരരായ വ്യക്തികളാണവർ.

ഹെർമ്മാസിന്റെ കൂടെയുള്ള സഹോദരന്മാർ എന്നതുകൊണ്ട് ഉദ്ദേശിച്ചത്, ഹെർമ്മാസിന്റെ വീട്ടിൽ താമസിക്കുന്നവർ എന്നാണ്. സഭയിൽ ചിലർ ഗ്രൂപ്പുണ്ടാക്കുകയും ഇന്നിന്ന സഹോദരന്മാർ എന്റെ കൂടെയുള്ളവരാണ് എന്നു അവകാശപ്പെടുകയും ചെയ്യാറുണ്ട്. അതുപോലെയുള്ള കാര്യമല്ലാ ഇത്.

**പത്രൊബാസ്**

അപ്പന്റെ പാത പിന്തുടരുന്നവൻ (that pursues the steps of his father) എന്നർത്ഥം വരുന്ന പദമാണിത്. അപ്പന്റെ വിശ്വാസം ഉപേക്ഷിച്ച്, യേശുവിനെ രക്ഷകനായി സ്വീകരിച്ച് ക്രിസ്ത്യാനിയായിത്തീർന്നവനാണ് പത്രൊബാസ് എങ്കിൽ, അവൻ അപ്പന്റെ പാത പിന്തുടരുന്നവനല്ല; അപ്പന്റെ പാത വിട്ടു സഞ്ചരിച്ച നിഷേധിയായ മകനാണ്. തന്റെ പാത തന്റെ മകനും പിന്തുടരണമെന്നു ആഗ്രഹിച്ച ആ പിതാവിന്റെ എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ച മകനാണ് പത്രൊബാസ്. അതിന്റെ പേരിൽ വലിയ വിമർശനങ്ങൾ പത്രൊബാസ് പലരിൽനിന്നും നേരിട്ടിരിക്കാം.

എന്നാൽ ഈ വിമർശനത്തിന് പത്രൊബാസ് തീർച്ചയായും മറുപടി പറയും. പത്രൊബാസിന്റെ വംശാവലി പുറകോട്ട് അന്വേഷിച്ചുനോക്കിയാൽ അത് ചെന്നെത്തുന്നത് നോഹയിലാണ്. പാരമ്പര്യത്തെയും ഭൂരിപക്ഷം വരുന്ന ജനത്തിന്റെ താത്പര്യങ്ങളെയും ഉപേക്ഷിച്ച് ദൈവത്തെ പിൻപറ്റാൻ തീരുമാനിച്ചവനാണ് നോഹ. അങ്ങനെയാണെങ്കിൽ പത്രൊബാസ് തന്റെ പിതാമഹനായ നോഹയുടെ പാതയാണ് പിന്തുടരുന്നത് എന്നു പറയാമല്ലോ. ദൈവം വച്ച പാതകളിൽ നിന്നും വ്യതിചലിച്ച പിതാക്കന്മാരെ അന്ധമായി പിൻപറ്റാൻ മക്കൾക്ക് ബാധ്യതയൊന്നുമില്ല. ജീവനുള്ള ദൈവത്തിന്റെ പാതകളിലൂടെ മാത്രം നാം സഞ്ചരിക്കുക.

**(തുടരും)**

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

# ഹബക്കൂക്
## (പുസ്തകപഠനം)

17

**-എംവിഎസ്-**

**ഹബക്കൂക് 2:9**

*അനർഥത്തിൽനിന്നു വിടുവിക്കപ്പെടുവാൻ തക്കവണ്ണം ഉയരത്തിൽ കൂടുവയ്ക്കേണ്ടതിന് തന്റെ വീട്ടിനുവേണ്ടി ദുരാദായം ആഗ്രഹിക്കുന്നവന് അയ്യോ കഷ്ടം!*

യിസ്രായേൽമക്കളോട് ദോഷം ചെയ്യാൻ ഇറങ്ങിപ്പുറപ്പെട്ട കൽദയരാജ്യത്തിനും കല്ദയരാജാവിനും എതിരെയുള്ള പ്രവചനമാണ് ഈ വാക്യങ്ങളിലെല്ലാമുള്ളത്. കരുത്തനായ കൽദയരാജാവ് (1:6) അഹങ്കാരിയായിത്തീരുമെന്നും (2:4), അതിനുശേഷം ദൈവം അവനെതിരെ തിരിയുമെന്നും ആണ് ഹബക്കൂക് രേഖപ്പെടുത്തുന്നത്. 9-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ നമുക്ക് വിഭജിച്ച് പരിശോധിക്കാം.

1. **അനർത്ഥത്തിൽനിന്ന് വിടുവിക്കപ്പെടുവാൻ അവൻ ആഗ്രഹിക്കുന്നു**

ഇങ്ങനെയൊരു ആഗ്രഹം തെറ്റല്ല. എല്ലാവരും അനർത്ഥത്തിൽനിന്ന് വിടുവിക്കപ്പെടുവാൻ ആഗ്രഹിക്കണം. നാം വിടുവിക്കപ്പെടണം. നമ്മുടെ മക്കൾ വിടുവിക്കപ്പെടണം. അതിനു ബോധപൂർവ്വം നാം ശ്രമിക്കേണ്ടതുണ്ട്. ഇന്നു പലരും അനർത്ഥത്തിൽ ചെന്നുചാടുന്നതായാണ് കണ്ടിട്ടുള്ളത്. പെട്ടെന്നു പണം ഉണ്ടാക്കാനും പ്രശസ്തി നേടാനുമായി ചെയ്തുകൂട്ടുന്ന പല കാര്യങ്ങളും അവരെ അനർത്ഥത്തിൽ ചെന്നെത്തിക്കുന്നു. മൊബൈൽ നിമിത്തം എത്ര കുടുംബങ്ങൾ അനർത്ഥത്തിൽ ചെന്നു ചാടിയിരിക്കുന്നു!

മറ്റു രാജ്യങ്ങളെ ആക്രമിച്ച് മുന്നേറുന്ന കൽദയരാജാവും അദ്ദേഹത്തിന്റെ സൈന്യവും തങ്ങൾ യാതൊരു അനർത്ഥത്തിലും ചെന്നു ചാടരുത് എന്നാഗ്രഹിക്കുന്നവരാണ്.

2. **അവൻ ഉയരത്തിൽ കൂട് വയ്ക്കാൻ നോക്കി**

അവൻ എന്നു പറയുന്നത് കൽദയരാജാവിനെയാണല്ലോ. കൽദയരാജ്യത്തെ മൊത്തമായി ഇവിടെ ഉദ്ദേശിക്കുന്നുണ്ട് എന്നും പറയാം. സുരക്ഷി

തത്വത്തിനുവേണ്ടി ഉയരത്തിൽ വാസസ്ഥലം ഒരുക്കുന്നതിനെ വിമർശിച്ചിരിക്കുന്ന ഗ്രന്ഥമാണ് ബൈബിൾ. പാറമേൽ വീടുപണിയുന്നതിനെ ബൈബിൾ അനുകൂലിച്ചിട്ടുണ്ട്. പക്ഷേ ഉയരത്തിൽ കൂട് വയ്ക്കുന്നത് അഹങ്കാരത്തിന്റെ പ്രദർശനമായാണ് ബൈബിൾ കാണുന്നത്.

ഓബദ്യാവ് 1:3,4 "നിന്റെ ഹൃദയത്തിന്റെ അഹങ്കാരം നിന്നെ ചതിച്ചിരിക്കുന്നു. നീ കഴുകനെപ്പോലെ ഉയർന്നാലും നക്ഷത്രങ്ങളുടെ ഇടയിൽ കൂട് വച്ചാലും അവിടെനിന്ന് ഞാൻ നിന്നെ ഇറക്കും" ഇക്കാര്യം യിരമ്യാവ് 49:6 ലും കാണാം. ഭൂമിയിൽ അല്ലാതെ വേറെ ഏതെങ്കിലും ഗ്രഹങ്ങളിൽ താമസിക്കാനുള്ള മനുഷ്യന്റെ തീവ്രമായ ആഗ്രഹം നിമിത്തം കോടിക്കണക്കിന് ഡോളർ ചെലവിട്ടുകൊണ്ട് പരീക്ഷണങ്ങൾ നടത്തുന്ന മനുഷ്യൻ ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്: അന്യഗ്രഹങ്ങളിൽ താമസിക്കാനുള്ള ആഗ്രഹം തന്നെ തെറ്റാണ്. മനുഷ്യന് ജീവിക്കാനായി ദൈവം ഒരുക്കിയത് ഭൂമിയാണ് – ഭൂമി മാത്രമാണ്.

കൽദയർ ഉയരത്തിൽ വീട് വച്ച് സുരക്ഷിതരാകാമെന്നു കരുതേണ്ട. ഏതു ഉയരത്തെയും നിരപ്പാക്കാൻ കഴിവുള്ളവനാണ് സർവശക്തനായ ദൈവം. ദൈവത്തെക്കൂടാതെ ഒരുക്കുന്ന സുരക്ഷിതത്വം ഫലപ്രദമാവില്ല.

### 3. തന്റെ വീടിനുവേണ്ടി ദുരാദായം ആഗ്രഹിച്ചു

അനർത്ഥത്തിൽനിന്ന് രക്ഷപ്പെടുവാൻ ഉയരത്തിൽ കൂട് വയ്ക്കാൻ ആഗ്രഹിക്കുന്നവർ അതിനുവേണ്ടി ദുരാദായം ഉണ്ടാക്കാൻ നോക്കുന്നു. സ്വന്തം വീടിന്റെ അഭിവൃദ്ധിക്കുവേണ്ടി തെറ്റായ മാർഗ്ഗത്തിലൂടെ പണമുണ്ടാക്കുന്ന (ദുരാദായം) സ്വഭാവം പലർക്കുമുണ്ട്. കൈക്കൂലി വാങ്ങിയും അഴിമതി നടത്തിയും കള്ളക്കണക്ക് അവതരിപ്പിച്ചും പണമുണ്ടാക്കി വീടു മോടിപിടിപ്പിക്കാൻ നോക്കുന്നവർ നാശത്തിലേക്കുള്ള പാതയിലൂടെ സഞ്ചരിക്കുന്നവരാണ്.

തൊഴിലാളികൾക്ക് വേണ്ടവിധം കൂലികൊടുക്കാതിരിക്കുക, മറ്റുള്ളവരെ ചൂഷണം ചെയ്യുക, അവയവമാഫിയ, മനുഷ്യക്കടത്ത്,  ചികിത്സാമറവിൽ ആശുപത്രികൾ നടത്തുന്ന കൊള്ള എന്നിങ്ങനെ ദൂരാദായം ഉണ്ടാക്കാൻ മാർഗ്ഗങ്ങൾ പലവിധം. ഇപ്രകാരമുള്ള ദുരാദായസമ്പാദനത്തിലൂടെ സ്വന്തം ഭവനത്തിന്റെ നില ഭദ്രമാക്കാൻ ആരും നോക്കേണ്ടതില്ല. ദൈവത്തിന്റെ ഭാഗത്തുനിന്ന് ശിക്ഷാവിധി ആരും ഇരന്നുവാങ്ങരുത്.

### 4. അയ്യോ കഷ്ടം!

ദൈവവചനം കഷ്ടം എന്നു പറഞ്ഞാൽ അത് കഷ്ടം തന്നെയാണ്. "കോരസീനേ നിനക്ക് ഹാ കഷ്ടം" എന്നു പറഞ്ഞാൽ കോരസീനയ്ക്ക്

കഷ്ടം തന്നെയാണ്. ജീവിതത്തിൽ മറ്റുള്ളവരെ ദ്രോഹിച്ചും ചൂഷണം ചെയ്തും മുന്നേറുന്നവരുണ്ട്. അത് മുന്നേറ്റമായി കാണപ്പെടുന്നുവെങ്കിലും വാസ്തവത്തിൽ അവരുടെ സ്ഥിതി കഷ്ടമായിത്തീരും. കാരണം ദൈവവചനം അപ്രകാരം പറഞ്ഞിരിക്കുന്നു.

**സംഗ്രഹം**

കൽദയരാജാവിനെക്കുറിച്ചാണ് പറയുന്നതെങ്കിലും ഈ വാക്യത്തിൽനിന്നും നമുക്ക് സ്വീകരിക്കാവുന്ന പ്രായോഗികപാഠങ്ങൾ ചുരുക്കിപ്പറയാം.

1. എല്ലാ അനർത്ഥത്തിൽനിന്നും നാം വിടുവിക്കപ്പെടണം. അങ്ങനെയൊരു ആഗ്രഹത്തോടെ നമുക്ക് ജീവിക്കാം. അതിനായി ദൈവത്തോട് പ്രാർത്ഥിക്കാം.

2. അനർത്ഥത്തിൽനിന്ന് വിടുവിക്കപ്പെടാനായി ഉയരത്തിൽ കൂട് കൂട്ടേണ്ടതില്ല. നമ്മെ സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്നു (കൊലൊസ്യർ 3:1). ആ ഉയരത്തിലുള്ളത് നാം ചിന്തിക്കുക.

3. അഹങ്കാരം നല്ലതല്ല. അഹങ്കാരം നിമിത്തം എത്രയോ ആളുകൾ തകർന്നുപോയിരിക്കുന്നു!

4. ദുരാദായം വേണ്ട. അത് നിലനിൽക്കയില്ല. നിരവധി പേരെ കബളിപ്പിച്ച് നേടുന്ന പണം നമ്മുടെ വീട്ടിലെ സമാധാനം നഷ്ടപ്പെടുന്നതിന് കാരണമാകും.

5. ജീവിതത്തിൽ കഷ്ടം സമ്പാദിക്കരുത്. അങ്ങോട്ട് ചെന്ന് കഷ്ടം ചോദിച്ചു വാങ്ങരുത് എന്നർത്ഥം.

**(തുടരും)**

## പ്രതികരണങ്ങൾ അറിയിക്കുക

മാന്യവായനക്കാരുടെ പ്രതികരണങ്ങളെ ഞങ്ങൾ അങ്ങേയറ്റം വിലമതിക്കുന്നു. അതുകൊണ്ടുതന്നെ ആ പ്രതികരണങ്ങൾക്കായി ഞങ്ങൾ കാതോർക്കുന്നു. ഞങ്ങളുടെ വായനക്കാർ ഈ മാസികയിലെ വിഭവങ്ങളെ എങ്ങനെ നോക്കിക്കാണുന്നുവെന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിയുന്നത് വായനക്കാരുടെ പ്രതികരണങ്ങളിൽ നിന്നാണ്. അതുകൊണ്ട് പ്രതികരണങ്ങൾ അറിയിക്കുക. വായനക്കാരുടെ പ്രതികരണങ്ങൾ മാസികയിൽ പ്രസിദ്ധീകരിക്കുവാൻ പരമാവധി ശ്രമിക്കുന്നതാണ്. (എഡിറ്റർ)

# ഓരോരോ ജന്മങ്ങള്!

-എംവിഎസ്-

12

## എതിർപ്പിന്റെ ആത്മാവ്

ചിലരുടെ ജീവിതം പരിശോധിച്ചാൽ എല്ലായ്പോഴും ഒരു എതിർപ്പിന്റെ ആത്മാവ് അവരെ ചുറ്റിപ്പറ്റി നിൽക്കുന്നതായി കാണാം. അവർ ആത്മാർത്ഥമായി കാര്യങ്ങൾ ചെയ്യുന്നവരാണ്. പക്ഷേ അവർ എന്തു ചെയ്താലും അതിനെ വിമർശിക്കാനും എതിർക്കാനുമായി കുറെപേർ എവിടെനിന്നൊക്കെയോ പൊട്ടിമുളച്ചുവരും. ആത്മാർത്ഥമായി അദ്ധ്വാനിക്കുന്നവരെ മാനസികമായി തളർത്തുക എന്നതാണ് എതിർപ്പിന്റെ ആത്മാവിന്റെ നിയന്ത്രണത്തിലുള്ളവരുടെ ഉദ്ദേശ്യം.

ഭാഗ്യമില്ലാത്തവർ എന്നു അവരെ ലോകം വിളിച്ചേക്കും. കാരണം അവർ എന്തു ചെയ്താലും അത് പരാജയമാണ്. കാരണം അതിനെ പരാജയപ്പെടുത്താൻ കുറെ പേർ കച്ചകെട്ടി ഇറങ്ങിയിട്ടുണ്ടാകും. ഉന്നതവിദ്യാഭ്യാസമന്ത്രി, ഡോ. ബിന്ദു പറഞ്ഞ ഇംഗ്ലീഷിനെ വിമർശിച്ചുകൊണ്ട് കുറെയാളുകൾ അവരെ സോഷ്യൽമീഡിയായിലൂടെ ട്രോളി മറിച്ചത് കണ്ടില്ലേ? ഇംഗ്ലീഷിൽ ഡോക്ടറേറ്റുള്ളയാളും കേരളവർമ്മ കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് ഹെഡും ആയിരുന്ന ഒരാൾ ഇംഗ്ലീഷിൽ പൊട്ടത്തരം വിളിച്ചുപറഞ്ഞുവെന്നായിരുന്നു വിമർശനം.

ഞാൻ വളരെ ശാന്തമായി പറയട്ടെ: ഡോ. ബിന്ദു വളരെ ഒഴുക്കോടെയാണ് ഇംഗ്ലീഷ് സംസാരിച്ചത്. അവർ സംസാരിച്ച ഇംഗ്ലീഷിൽ ഗ്രാമർപരമായോ മറ്റേതെങ്കിലും വിധത്തിലോ യാതൊരു അപാകതയും ഉണ്ടായിരുന്നില്ല. 'Wherever I go, I take my house in my head' (ഞാനെവിടെപ്പോയാലും എന്റെ വീട് തലയിലെടുക്കും) എന്നാണ് ഡോ. ബിന്ദു പറഞ്ഞത്. ഇതിൽ house (വീട്) എന്നതിനു പകരം home (കുടുംബം) എന്നാണ് വരേണ്ടത് എന്നും head (തല) എന്നതിനു പകരം mind (മനസ്സ്) എന്നാണ് വരേണ്ടത് എന്നുമാണ് വാദം.

കുടുംബം എന്നോ മനസ്സ് എന്നോ ഡോ. ബിന്ദു ഉദ്ദേശിച്ചില്ല. വീട് എന്നും തലയെന്നും തന്നെയാണ് അവർ ഉദ്ദേശിച്ചത്. അങ്ങനെയെങ്കിൽ അവർ പറഞ്ഞതിൽ എന്തു തെറ്റാണുള്ളത്? പക്ഷേ രാഷ്ട്രീയമായി അവരെ എതിരി

ടുന്നതിന്റെ ഭാഗമായി കുറെപേർ ഗ്രാമർ പണ്ഡിതന്മാരായി ഇറങ്ങി. അതേറ്റുപിടിക്കാൻ വേറെ കുറെയാളുകളും. വ്യാജബിരുദങ്ങളും എസ്എഫ്ഐയും തമ്മിലുള്ള ബന്ധം കാണിക്കുന്ന വാർത്തകൾ പത്രങ്ങളിൽ നിറഞ്ഞപ്പോൾ, അതിന്റെ മറവിൽ ഡോ. ബിന്ദുവിന്റെ ഇംഗ്ലീഷിനെ ഇകഴ്ത്തിക്കാണിക്കാൻ ബോധപൂർവ്വമായ ശ്രമമാണ് നടന്നത്.

ഇതുപോലെ, കാര്യം മനസ്സിലാക്കാതെ, മറ്റേതെങ്കിലും പ്രശ്നങ്ങളുടെ പേരിൽ, ഓരോരുത്തരെ ടാർഗറ്റ് ചെയ്ത് ആക്രമിക്കുന്നവരുണ്ട്. ആ ഇര എന്തു ചെയ്താലും ഇക്കൂട്ടർ അതിനെ വിമർശിക്കും. എത്ര ആത്മാർത്ഥതയോടെ ചെയ്താലും അവനെ ഒറ്റപ്പെടുത്തി ആക്രമിക്കാൻ ശ്രമിക്കും. അങ്ങനെ ജീവിതത്തിൽ തോറ്റുപോയവർ കുറെ പേരുണ്ട്. ഒന്നു പച്ചപിടിക്കാൻ അനുവദിക്കില്ല. അപ്പോഴേക്കും വരികയായി, എതിർപ്പുമായി. ആരു നന്നായാലും വേണ്ടില്ല, അവൻ നന്നാവുകയോ പേരെടുക്കുകയോ ചെയ്യരുതെന്ന ഒരു വാശി!

ഇപ്രകാരമുള്ള ഒരു ഇരയായി എനിക്ക് പലപ്പോഴും എന്നെത്തന്നെ തോന്നിയിട്ടുണ്ട്. എന്തു ചെയ്താലും കുറെ പേർ വിമർശനവുമായി മുന്നോട്ടുവരും. ഇതുതന്നെ മറ്റാരെങ്കിലും ചെയ്താൽ ഇവർക്കു കുഴപ്പവുമില്ല. സെബാസ്റ്റ്യൻ ചെയ്താൽ അത് തെറ്റ്! അതുകൊണ്ട് തന്നെ ഏതെങ്കിലും ശുശ്രൂഷയോ മറ്റേതെങ്കിലും കാര്യമോ സമാധാനത്തോടെ ചെയ്യിക്കാൻ ഇത്തരക്കാർ സമ്മതിക്കാറില്ല. പ്രാർത്ഥിച്ച് ബലം പ്രാപിച്ചും, മാനസികമായി സ്വയം ശക്തിപ്പെടുത്തിയും ആണ് പല ശുശ്രൂഷകളും ചെയ്തിട്ടുള്ളത്. ഞാൻ ചെയ്തതിലെ തെറ്റ് വചനപ്രകാരം ചൂണ്ടിക്കാണിക്കാൻ ഈ എതിർപ്പിന്റെ ആത്മാവിനെ വഹിച്ചുനടക്കുന്നവർക്ക് കഴിയുകയുമില്ല. (വചനപ്രകാരം ചൂണ്ടിക്കാണിച്ചാൽ അത് തിരുത്താൻ മനസ്സുള്ളവനാണ് ഞാൻ)

സ്വയം ഒരു കാര്യവും ഇവർ ചെയ്യുകയില്ല. മറ്റുള്ളവരെക്കൊണ്ട് ചെയ്യിക്കുകയുമില്ല. ഒരുതരം വെണ്ണവെട്ടികളായി അങ്ങനെ ഇരിക്കും. ആരെങ്കിലും അത് ചെയ്യാൻ തുടങ്ങിയാൽ വിമർശനമായി ഇവർ എഴുന്നേൽക്കും. നന്മയല്ല ഇവർ ലക്ഷ്യമിടുന്നത്. എന്നാൽ ഇവർ വിമർശിക്കുന്ന കാര്യം കൂടുതൽ നന്നായി ചെയ്യാൻ ഇവർക്കു കഴിയുമോ? അതുമില്ല. ജീവിതത്തിലൊരിക്കലും പറമ്പിലോ മൈതാനത്തോ കളിച്ചിട്ട് ഒരു ഗോൾ പോലും അടിച്ചിട്ടില്ലാത്തവർ മെസ്സിയേയും നെയ്മറിനേയുമൊക്കെ വിമർശിച്ചു സംസാരിക്കുന്നപോലെയാണ് ഇക്കൂട്ടർ പെരുമാറുന്നത്.

വിമർശിക്കാനായി ജീവിക്കുന്നവരാണ് ഇവർ. ഓരോ കാര്യത്തിന്റെയും പിന്നിലെ അദ്ധ്വാനത്തെ കാണാൻ ഇവർക്കു കഴിയില്ല. മറ്റുള്ളവരുടെ അദ്ധ്വാനത്തെ കളിയാക്കിയങ്ങ് ജീവിക്കുക. ഓരോരോരോ ജന്മങ്ങള്!

എംവിഎസ്

# മൈബൻനോക്കുലർ

21

## ഇവിടെനിന്നു പോകാൻ താത്പര്യമില്ലാത്തവർ!

ഈ ഭൂമിയിൽ ഇനിയും കുറെക്കാലം ജീവിക്കണം. ഇതാണ് ചില രുടെ ആഗ്രഹം. മക്കളെ കണ്ടു. ഇനി അവരുടെ മക്കളെയും കൊച്ചുമക്ക ളെയും കാണണം. മാത്രമല്ല, കൊച്ചുമക്കളുടെ കല്യാണവും കൂടണം. ചുരുക്കത്തിൽ, ഇവിടെനിന്നും പോകാൻ താത്പര്യമില്ല എന്നർത്ഥം. ആരോഗ്യം നിലനിർത്താൻ ആവുന്നത്ര ശ്രമിക്കാനും ഇത്തരക്കാർ ശ്രദ്ധി ക്കാറുണ്ട്. പക്ഷേ സമയമാകുമ്പോൾ അവർ ഈ ഭൂമിയിൽനിന്ന് മാറ്റപ്പെ ടുക തന്നെ ചെയ്യും. ഒരിക്കൽ മരിക്കണം എന്നുള്ളത് എല്ലാവർക്കും വച്ചി ട്ടുള്ള കാര്യമാണ്. ആരും അതിൽനിന്ന് ഒഴിവുള്ളവരല്ല. മൈക്കിൾ ജാക്സനെക്കുറിച്ച് താഴെ കൊടുത്തിരിക്കുന്ന കുറിപ്പ് നോക്കുക.

**150 വർഷം ജീവിക്കാൻ കൊതിച്ച മനുഷ്യൻ**

> അതിനായി മുടി മുതൽ കാൽവിരലുകൾ വരെ ദിവസേന പരി ശോധിക്കുന്ന 12 ഡോക്ടർമാരെ അദ്ദേഹം വീട്ടിൽ നിയമിച്ചു. കഴിക്കുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ ഭക്ഷണം എല്ലാ യ്പോഴും ലബോറട്ടറിയിൽ പരീക്ഷിച്ചു. അദ്ദേഹത്തിന്റെ ദൈനംദിന വ്യായാമവും മറ്റു ശരീരസംരക്ഷണവും നോക്കു വാൻ വേണ്ടി മാത്രം മറ്റു 15 പേരെ നിയമിച്ചു. ഓക്സിജന്റെ അളവ് നിയന്ത്രിക്കാനുള്ള സാങ്കേതികവിദ്യയോടുകൂടിയ കിട ക്കയാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. തന്റെ അവയവ ങ്ങൾക്ക് എന്തെങ്കിലും കേട് പറ്റിയാൽ ഞൊടിയിടയിൽ ശസ്ത്രക്രിയയ്ക്കായി അവയവദാതാക്കളെ തയ്യാറാക്കി വച്ചി രുന്നു. ഈ ദാതാക്കളുടെ ദൈനംദിന ചെലവുകൾ അദ്ദേഹം തന്നെ വഹിച്ചു. 150 വർഷം ജീവിക്കുക എന്ന സ്വപ്നവുമായി അദ്ദേഹം മുന്നോട്ട് പോവുകയായിരുന്നു. പക്ഷേ അദ്ദേഹം പരാജയപ്പെട്ടു. 2009 ജൂൺ 25 ന് അമ്പതാം വയസ്സിൽ അദ്ദേ ഹത്തിന്റെ ഹൃദയം പ്രവർത്തനം നിറുത്തി. ആ 12 ഡോക്ടർ മാരുടെ നിരന്തരമായ ശ്രമം വിഫലമായി.
>
> ലോസ് ഏഞ്ചൽസ്, കാലിഫോർണിയ എന്നിവിടങ്ങളിൽ നിന്നുള്ള ഡോക്ടർമാരുടെ സംയുക്ത പരിശ്രമത്തിനും അദ്ദേ

ഹത്തെ രക്ഷിക്കാനായില്ല. 25 വർഷം ഡോക്ടർമാരുടെ നിർദ്ദേശമില്ലാതെ ഒരിക്കലും ഒരു പടി പോലും മുന്നോട്ട് വയ്ക്കാത്ത വ്യക്തിക്ക് 150 വർഷം ജീവിക്കാനുള്ള ആഗ്രഹം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ജാക്സന്റെ അവസാന യാത്ര 25 ദശലക്ഷം ആളുകൾ തത്സമയം കണ്ടു.

അധികാരത്തിന്റെ ഹുങ്ക് കാണിച്ചവരേയും, പണക്കൊഴുപ്പിന്റെ മദപ്പാട് കാണിച്ചവരേയും, ജാതിവ്യവസ്ഥയുടെ പേരിൽ വിവേചനം കാണിച്ചവരേയും ഒരുപോലെ മരണം തട്ടിയെടുത്തിട്ടുണ്ട്. മരണത്തിന്റെ മുമ്പിൽ പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഇല്ല. ഇന്ത്യക്കാരനെന്നോ പാക്കിസ്ഥാൻകാരനെന്നോ ഇല്ല. ചെറുപ്പക്കാരനെന്നോ വയസ്സായവരെന്നോ ഇല്ല. ആരും ഏതുസമയത്തു വേണമെങ്കിലും മരണത്തിന്റെ പിടിയിൽ അമർന്നുപോകാം. അങ്ങനെയുള്ള സാഹചര്യത്തിൽ ദൈവത്തോട് പ്രാർത്ഥിച്ചും ദൈവത്തിൽ ആശ്രയിച്ചും ജീവിക്കുകയും സ്വർഗ്ഗീയപ്രതിഫലം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതിനാണ് നാം ശ്രദ്ധിക്കേണ്ടത്.

ഈ ലോകത്തിൽനിന്ന് പോകാൻ എനിക്കു താത്പര്യമില്ല എന്നു പറഞ്ഞ് അള്ളിപ്പിടിച്ച പോലെ നാം ജീവിക്കരുത്. നാം നമ്മുടെ അനുവാദത്തോടെ ഈ ഭൂമിയിൽ വന്നവരല്ല. എങ്കിൽ ഈ ഭൂമിയിൽനിന്ന് പോകുന്നതിനും നമ്മുടെ അനുവാദം ആർക്കും ആവശ്യമില്ല. അവിടുത്തെ ഇഷ്ടപ്രകാരം നമുക്ക് ജീവനും ജീവിതവും തന്ന ദൈവം തന്നെ ബാക്കി കാര്യങ്ങളും തീരുമാനിക്കട്ടെ എന്നു ചിന്തിക്കുക.

യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ട്, റോമയിൽ രണ്ടു വയസ്സിനു താഴെയുള്ള നിരവധി കുഞ്ഞുങ്ങളാണ് കൊല്ലപ്പെട്ടത്. ആ കുഞ്ഞുങ്ങൾക്ക് അധികം ആയുസ്സുണ്ടായില്ല. എന്നാൽ പത്രോസും പൗലൊസും യോഹന്നാനുമെല്ലാം വൃദ്ധരായാണ് മരിച്ചത്. സ്തെഫാനോസിനും യാക്കോബിനും അവരുടെയത്ര ആയുസ്സ് ലഭിച്ചുമില്ല. എല്ലാം ദൈവം അനുവദിച്ചതാണ്. നമ്മുടെ സമ്മതം ദൈവത്തിന് ആവശ്യമില്ല. എത്ര കാലം ജീവിക്കുന്നുവെന്നതല്ല, എങ്ങനെ ജീവിക്കുന്നു എന്നതാണ് മുഖ്യം എന്ന് പറയാറുണ്ടല്ലോ. ("how you live is more important than how long you live")

ഗ്രീക്ക് തത്വചിന്തകനായ എപ്പിക്കൂരസ് (Epicurus) പറഞ്ഞതിന് പ്രസക്തിയുണ്ട്: "Death does not concern us, because as long as we exist, death is not here. And when it does come, we no longer exist." (മരണം നമ്മെ ബാധിക്കുന്നില്ല. കാരണം നാം ഉള്ളിടത്തോളം ഇവിടെ മരണം ഇല്ല. മരണം വരുമ്പോഴോ നമ്മളുമില്ല.)

## സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 65

**-എംവിഎസ്-**

# വിദ്യാർത്ഥിസംഘടനകൾക്കെന്തു പ്രസക്തി?

വിദ്യാലയങ്ങളുടെയും കലാലയങ്ങളുടെയും അവിഭാജ്യഘടകമായി വിദ്യാർത്ഥിസംഘടനകളെ കാണുന്നവരുണ്ട്. എന്നാൽ ആ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. വിദ്യാർത്ഥിസംഘടനകളുടെ ആവശ്യമേയില്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. വിദ്യാർത്ഥിസംഘടനകൾകൊണ്ട് എന്ത് പ്രയോജനമാണ് ഇവിടെയുണ്ടായിട്ടുള്ളത് എന്നു നിഷ്പക്ഷമായി ചിന്തിക്കുന്ന ഏതൊരാൾക്കും ഞാൻ പറഞ്ഞത് ശരിയാണെന്നു ബോധ്യപ്പെടും.

വിദ്യാർത്ഥിരാഷ്ട്രീയം കൊണ്ട് ഇവിടെ സംഭവിച്ചിട്ടുള്ള കാര്യങ്ങളൊന്നും ഗുണകരമല്ല. സംഘടനാബലം വിദ്യാർത്ഥികൾ അക്രമത്തിനും പിൻവാതിൽപ്രവേശനത്തിനും ഉപയോഗിച്ചതിന്റെ എത്രയോ ഉദാഹരണങ്ങൾ നാം കണ്ടുകഴിഞ്ഞു! പരീക്ഷ എഴുതാതെ ചിലർ ജയിക്കുന്നു, പരീക്ഷ തോറ്റവർ ഉപരിപഠനത്തിന് യോഗ്യത നേടുന്നു, പിഎസ്സി പരീക്ഷയിൽ കോപ്പിയടിച്ച് റാങ്ക്ലിസ്റ്റിൽ കയറിപ്പറ്റുന്നു...

ഇതെല്ലാം പരിശോധിക്കാൻ അദ്ധ്യാപകരോ മറ്റു ഉദ്യോഗസ്ഥരോ ഇല്ലേ എന്നു ചോദിച്ചാൽ, ഉണ്ട് എന്നാണ് മറുപടി. പക്ഷേ വിദ്യാർത്ഥിസംഘടനയിൽ നേതൃസ്ഥാനം വഹിക്കുന്ന നേതാവിനെതിരെ ശബ്ദമുയർത്താൻ ആരും ധൈര്യപ്പെടില്ലത്രേ! ധൈര്യപ്പെട്ടവരുടെ അവസ്ഥയും നാം പത്രത്തിലും ടിവിയിലും ഒക്കെ കാണാറുണ്ടല്ലോ. ഗുണ്ടായിസം കൈമുതലായുള്ള വിദ്യാർത്ഥിസംഘടനകൾ കോളേജ്കാമ്പസിൽ കാണിച്ചുകൂട്ടുന്ന അക്രമപരമ്പരകളും അഴിഞ്ഞാട്ടങ്ങളും പൂർവ്വാധികം പെരുകിയിരിക്കുന്നു.

എത്രയെത്ര കുട്ടികളാണ് വിദ്യാർത്ഥിസംഘടനകളുടെ പകപോക്കലിൽ രക്തസാക്ഷികളായി തീർന്നിട്ടുള്ളത്! എത്ര കുട്ടികളുടെ ഭാവി ഇരുളടഞ്ഞുപോയി! വിദ്യാർത്ഥിഐക്യം സിന്ദാബാദ് എന്നു മുദ്രാവാക്യം മുഴക്കി ആകാശത്തേക്ക് മുഷ്ടി ചുരുട്ടി കുത്തി പ്രകടനം നടത്തുന്നവർ, വിദ്യാർത്ഥികളുടെ ഉന്നമനത്തിനുവേണ്ടി എന്തു ചെയ്തു എന്നു ആത്മപരിശോധന ചെയ്യട്ടെ.

ആർക്കെതിരെയാണ് ഈ വിദ്യാർത്ഥിസംഘടനകൾ പ്രവർത്തിക്കുന്നത്? കൂടുതലും അദ്ധ്യാപകർക്കെതിരെയാണ് എന്നതാണ് മറുപടി. കുട്ടികളെ പേടിച്ചുകഴിയേണ്ട ദുരവസ്ഥയാണ് അദ്ധ്യാപകർക്കുള്ളത്. പാർട്ടിബലത്തിൽ ഗുണ്ടായിസം നടത്തുന്ന കൗമാരക്കാർ! അദ്ധ്യാപകരെ അവർ ചീത്ത വിളിച്ചെന്നുവരും, ചിലപ്പോൾ തല്ലിയെന്നും വരാം. അതുകൊണ്ട് അദ്ധ്യാപകർ കൂടുതൽ റിസ്ക് എടുക്കാൻ തയ്യാറാകില്ല. സ്വന്തം ആരോഗ്യം, കുടുംബം ഇതൊക്കെ അവർക്കു നോക്കണമല്ലോ.

എല്ലാ വിദ്യാർത്ഥിസംഘടനകളും പൊതുസ്വഭാവം ഉള്ളവരാണെങ്കിലും ഈയിടെയായി എസ്എഫ്ഐ എന്ന വിദ്യാർത്ഥിസംഘടന കൂടുതൽ അക്രമവാസന കാണിക്കുന്നതായി പത്രറിപ്പോർട്ടുകളിൽനിന്ന് മനസ്സിലാകുന്നു. വ്യാജരേഖ, വ്യാജബിരുദം, ആണിതറച്ച പലകകൊണ്ടുള്ള ആക്രമണം എന്നിങ്ങനെ കയ്യൂക്കിന്റെ ബലം അവർ കാണിക്കുന്നു. കയ്യൂക്ക് കാണിച്ചിരുന്ന ജന്മിമാർക്കെതിരെ പൊരുതിയ പാരമ്പര്യമുള്ള കൂട്ടരുടെ പിൻതലമുറക്കാരാണ് ഇങ്ങനെ പെരുമാറുന്നത് എന്ന കാര്യം ചിന്തിക്കുക.

മലയാളത്തിലെ ഒരു പ്രമുഖപത്രം എഴുതിയത് ഇപ്രകാരമാണ്:

> കരിഓയിൽ പ്രയോഗവും ചാപ്പകുത്തലും പൊതുമുതൽ നശിപ്പിക്കലുമൊക്കെ പ്രവർത്തനശൈലിയാക്കിയ വിദ്യാർത്ഥിസംഘടനകളിൽ നിന്നാണോ ഈ നാടിനെ നയിക്കാൻ യോഗ്യരായ നേതാക്കൾ പിറവികൊള്ളേണ്ടത്? സാമാന്യബോധം പോലുമില്ലാതെ, തോന്നിയപടി പ്രവർത്തിക്കുന്ന ഇത്തരക്കാരെ ഉത്തരവാദിത്തബോധമുള്ള സംഘടനാ നേതൃത്വങ്ങൾ ഒരിക്കലും സംരക്ഷിച്ചുകൂടാ. തങ്ങളുടെ വിദ്യാർത്ഥി-യുവജന സംഘടനകളെ നേർവഴിക്കു നയിക്കേണ്ട ഉത്തരവാദിത്തം മാതൃസംഘടനകൾ മറക്കുമ്പോൾ യുവപ്രവർത്തകർക്ക് അത് കൂടുതൽ അക്രമങ്ങൾക്കുള്ള ഉത്തേജകമരുന്നായിത്തീരുന്നു.

കോളേജിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുള്ള എനിക്ക് അക്രമരാഷ്ട്രീയ പാത പിന്തുടരുന്ന വിദ്യാർത്ഥികളുടെ പൊതുസ്വഭാവങ്ങൾ വ്യക്തമായി അറിയാം. അവർ ക്ലാസ്സ് അറ്റൻഡ് ചെയ്യുകയില്ല. അവർ ഇറങ്ങിനടക്കുമ്പോൾ അദ്ധ്യാപകർ വരെ അവരെ പേടിക്കണം. അവരെ ചോദ്യം ചെയ്യാൻ പാടില്ല. അവർ പരീക്ഷയ്ക്ക് കോപ്പിയടിച്ചാൽ കണ്ടില്ലെന്നു നടിക്കണം. അവർ അവർക്കു തോന്നിയ പെൺകുട്ടികളെ ക്ലാസ്സിൽ നിന്നു ഇറക്കിക്കൊണ്ടുപോകും. (കുറച്ചുനേരം വാചകമടിച്ചും പഞ്ചാര ഒലിപ്പിച്ചും നിന്നതിനുശേഷം വിട്ടയയ്ക്കും). അവർക്കെതിരെ നടപടിയെടുത്താൽ പിന്നെ സമരമായി, ഉപരോധമായി, മർദ്ദനമായി...

കുട്ടിരാഷ്ട്രീയത്തിൽ സജീവമായി നിന്നവർ പിന്നീട് എംഎൽഎ ആകുന്നു, മന്ത്രിയാകുന്നു... പക്ഷേ എന്തു പ്രയോജനം? അക്രമവും അഴി ഞ്ഞാട്ടവുമാണ് തങ്ങളെ വളർത്തിവലുതാക്കിയത് എന്നു മനസ്സിലാക്കുന്ന അവർ പുതിയ സ്ഥാനങ്ങളിലിരുന്നും അതേ കാര്യങ്ങൾ തന്നെ ചെയ്യുന്നു. പാർട്ടിബലമുള്ള ഉദ്യോഗസ്ഥന്മാർ കാണിക്കുന്ന അഹന്തയും നിസ്സഹരണ മനോഭാവവും നിമിത്തം ആളുകൾ ആത്മഹത്യ ചെയ്തിട്ടുള്ള ചരിത്രമുള്ള നാടാണ് നമ്മുടേത്. കുറ്റാരോപിതർ പിന്നെയും രാഷ്ട്രീയക്കാരാൽ സംര ക്ഷിക്കപ്പെടുകയും തൽസ്ഥാനങ്ങളിൽ തുടരുകയും ചെയ്യുന്നു.

നക്സലൈറ്റ് പ്രസ്ഥാനത്തിൽ സജീവമായിരുന്ന ശ്രീ. കെ. വേണു എഴുതിയത് വായിക്കുക:

> കേരളത്തിലെ ഭൂരിപക്ഷം കലാലയങ്ങളിലും ഇത്തരമൊരു അന്തരീക്ഷം നിലനിൽക്കുന്നതുകൊണ്ട് അതിലൂടെ കടന്നു വരുന്ന യുവതലമുറകൾ ജനാധിപത്യവിരുദ്ധമായ മനോഘട നയിലേക്ക് എത്തിച്ചേരുക സ്വാഭാവികമാണ്. ഈ ഫാസിസ്റ്റ് ആശയങ്ങൾക്ക് വിധേയരാകുന്നവർ മാത്രമല്ല നിസ്സഹായരായ കാഴ്ചക്കാരാകേണ്ടി വരുന്നവരും അവയുടെ സ്വാധീനത്തിൽ പെട്ടുപോവും. ഏറെ രാഷ്ട്രീയപ്രബുദ്ധത കൈവരിച്ചതും പുരോഗമനസ്വഭാവം ഉൾക്കൊണ്ടതുമായ സമൂഹം എന്ന ഖ്യാതിക്കു ചേരാത്ത പല പ്രവണതകളും മലയാളിസമൂഹ ത്തിൽ പലപ്പോഴും കണ്ടുവരുന്നതിനെ ഈ പശ്ചാത്തല ത്തിൽ പരിശോധിക്കാവുന്നതാണ്.

ബഹുമാനിക്കേണ്ട അദ്ധ്യാപകരെ ബഹുമാനിക്കാതിരിക്കുകയും അവ രെയും മറ്റുള്ളവരെയും ഭീഷണിപ്പെടുത്തുകയും ചെയ്തുപോരുന്ന കുട്ടി നേതാക്കന്മാർ സ്വന്തം അപ്പനെയും അമ്മയെയും വരെ ഭീഷണിപ്പെടുത്തു ന്നവരാണ്. അവരും ഇവരെ പേടിച്ചു കഴിയേണ്ട അവസ്ഥ! മയക്കുമരുന്ന് പോലുള്ളവയ്ക്ക് അടിമയാകുകയും ആരെയും പേടിയില്ലാത്തവരുമായി മദി ച്ചുനടക്കുന്ന ഇക്കൂട്ടരിൽ പലരും പിടിക്കപ്പെടുന്നത് ജനശ്രദ്ധ പിടിച്ചുപറ്റുന്ന ഏതെങ്കിലും കൊലപാതകക്കേസിലോ പീഡനക്കേസിലെ പെടുമ്പോൾ മാത്രമാണ്. അപ്പോഴേക്കും സംരക്ഷകർ വെളിച്ചത്ത് വരികയും ഇരയേയോ അവരുടെ ബന്ധുക്കളേയോ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു.

എന്തൊരു നാട്! ഇത് കേരളത്തിലെ മാത്രം സ്ഥിതിയാണെന്ന അഭി പ്രായം എനിക്കില്ല. മാതാപിതാക്കളേയും അദ്ധ്യാപകരേയും ബഹുമാനിച്ച് ജീവിതത്തിൽ മുന്നേറേണ്ട തലമുറ അവരെ ധിക്കരിച്ചും ഭീഷണിപ്പെടു ത്തിയും മുന്നേറുന്നത് എവിടേക്ക്? നാശത്തിലേക്കല്ലാതെ മറ്റെവിടേക്ക്?

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th July 2023

Posted at
Thrissur RMS

**ആനുകാലികം**

## സമാധാനം നഷ്ടപ്പെട്ട മണിപ്പൂർ!

മെയ്തി – കുക്കി വിഭാഗങ്ങൾ തമ്മിൽ സംഘർഷത്തിൽ ഏർപ്പെട്ടിരിക്കുന്ന മണിപ്പൂരിലെ സ്ഥിതി വളരെ ശോചനീയമാണ് എന്ന് റിപ്പോർട്ടുകൾ തെളിയിക്കുന്നു. മണിപ്പൂരിലെ ഏറ്റവും വലിയ ജനവിഭാഗമായ മെയ്തിവിഭാഗത്തിന് പട്ടികവർഗ്ഗം എന്ന പദവി കൊടുക്കുന്നത് സംബന്ധിച്ച തർക്കമാണ് ഈ വിധത്തിലുള്ള ഏറ്റുമുട്ടലിന് വഴിതെളിച്ചത് എന്നാണ് പറയപ്പെടുന്നത്. ഇതിന്റെ മറവിൽ ക്രിസ്ത്യാനികളുടെ നേരെയുള്ള ആക്രമണം വ്യാപകമായി നടന്നു. നിരവധി ആരാധനാലയങ്ങൾ അഗ്നിക്കിരയാക്കി. നിരവധി പേർ കൊല്ലപ്പെട്ടു. ദുരിതാശ്വാസക്യാമ്പുകളിൽ പരിമിതമായ സൗകര്യങ്ങളോടെ കഴിയാൻ പലരും നിർബന്ധിതരായി.

രണ്ടു മാസത്തോളമായി കത്തിയെരിയുന്ന മണിപ്പൂരിൽ കണ്ണീരും കലാപവും രക്തച്ചൊരിച്ചിലും തുടരുകയാണ്. കലാപത്തെ അമർച്ച ചെയ്യുന്നതിൽ ബിജെപി ഗവൺമെന്റ് പരാജയപ്പെട്ടതായി പ്രതിപക്ഷം വിലയിരുത്തുന്നു. കലാപത്തിനിടയിൽ ക്രൈസ്തവർ വ്യാപകമായ നിലയിൽ വേട്ടയാടപ്പെട്ടത് സങ്കടകരമായ കാര്യമാണ്. 1972 ൽ സംസ്ഥാനപദവി ലഭിച്ച മണിപ്പൂരിൽ ഇത്രയും വേദനാജനകമായ കാര്യം ഇതിനുമുമ്പ് സംഭവിച്ചിട്ടുണ്ടോ എന്നു സംശയമാണ്.

'ആഭരണങ്ങളുടെ സമൃദ്ധി' (abundance of jewels) എന്നർത്ഥമുള്ള മണിപ്പൂരിൽ ഇപ്പോൾ ആക്രമണങ്ങളുടെ സമൃദ്ധിയാണുള്ളത്. എത്രയും വേഗം മണിപ്പൂർ ശാന്തമാകട്ടെ.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V